വാട്ടർ അതോറിറ്റിയെ ശക്തിപ്പെടുത്തുന്നതിന് നടപടി

16 (*448) ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ ജലമേഖലയിൽ സ്വകാര്യസംരംഭകർക്ക് അവസരം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദീകരിക്കാമോ ;

(ബി) ജലമേഖലയിൽ ബഹുരാഷ്ട്ര കമ്പനികളുടെ എന്തെല്ലാം പുതിയ സംരംഭങ്ങൾക്കാണ് ഇപ്പോൾ അനുവാദം നൽകാനുദ്ദേശിക്കുന്നത് ;

(സി) കുടിവെള്ളം സ്വകാര്യവൽക്കരിക്കപ്പെട്ട രാജ്യങ്ങളിൽ വൻവില കൊടുത്തുകൊണ്ടാണ് ജനങ്ങൾ കുടിവെള്ള ആവശ്യം നിറവേറ്റുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കേരളത്തിന്റെ ജലസമ്പത്ത് വിൽക്കാനുള്ള ശ്രമങ്ങൾക്കെതിരെ ജനങ്ങൾക്കിടയിൽ ഉണ്ടായിരിക്കുന്ന പ്രതിഷേധങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) വാട്ടർ അതോറിറ്റിയിലെ പൊതുമേഖല ശക്തിപ്പെടുത്തികൊണ്ട് ജനങ്ങളുടെ ജലാവശ്യങ്ങൾ നിറവേറ്റുന്ന പദ്ധതിക്ക് രൂപം നൽകാൻ നടപടി സ്വീകരിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) സ്വകാര്യ പങ്കാളിത്തത്തോടെ Boot അടിസ്ഥാനത്തിൽ കൊച്ചി വ്യവസായ ജലവിതരണ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിരുന്നു. ഇപ്പോൾ അനന്തര നടപടികൾ നിർത്തിവച്ചിരിക്കുകയാണ്.

(ബി) ഇപ്രകാരം ഒരു നിർദ്ദേശവും സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഇല്ല.

(ഡി) കേരളത്തിന്റെ ജലസമ്പത്ത് വിൽക്കാനുള്ള ശ്രമങ്ങളൊന്നും സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടില്ല.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതി ബോർഡിനുവേണ്ടി കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം

17 (*449) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിനുവേണ്ടി കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേസ്സുകൾ കൈകാര്യം ചെയ്യാൻ ചുമതല ഏറ്റെടുത്തവർ അത് തൃപ്തികരമായി നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇവ അപര്യാപ്തമാണെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതുമൂലം ബോർഡിനുണ്ടാകുന്ന ലാഭനഷ്ടങ്ങൾ പരിശോധിച്ച് പുനഃക്രമീകരണം നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) സംസ്ഥാന വൈദ്യുതി ബോർഡിനുവേണ്ടി കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി കേരളത്തിലെ മിക്ക കോടതികളിലും പ്രത്യേകം അഭിഭാഷകരെ നിയമിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിനായി പ്രത്യേകം അഭിഭാഷകരെ നിയോഗിക്കാത്ത കോടതികളിൽ സർക്കാർ അഭിഭാഷകരുടെ സേവനമാണ് ഉപയോഗിക്കുന്നത്. ചില ജില്ലാ സംസ്ഥാനങ്ങളിൽ ഒന്നിൽ കൂടുതലും, ഹൈക്കോടതിയിൽ ആറും, സുപ്രീം കോടതിയിൽ രണ്ടും അഭിഭാഷകരെ ബോർഡിന്റെ കേസ്സുകൾ കൈകാര്യം ചെയ്യുവാൻ നിയമിച്ചിട്ടുണ്ട്.

ഹൈക്കോടതിയിലെ കേസ്സുകൾ നടത്തുന്നതിന് അഭിഭാഷകരെ സഹായിക്കുന്നതിനായി കൊച്ചിയിൽ ഒരു ലീഗൽ ലെയ്സൺ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കാര്യവിവരങ്ങൾ ബോർഡിന്റെ ഇതര ഓഫീസുകളിൽ നിന്നും ശേഖരിക്കുന്നതും, ഇവയെ ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ആവശ്യമായ കൂടുതൽ വിവരങ്ങളും മറ്റു അനുബന്ധ ഉത്തരവുകളും ചട്ടങ്ങളും ശേഖരിച്ച് കാര്യവിവരങ്ങളോട് ചേർത്ത് അഭിഭാഷകരിൽ എത്തിക്കുന്നതിനുമായി വൈദ്യുതി ബോർഡിന്റെ കോർപ്പറേറ്റ് ഓഫീസിൽ, ജില്ലാ ജഡ്ജിയുടെ റാങ്കിലുള്ള ലീഗൽ അഡ്വൈസർ ആന്റ് ഡിസിപ്ലിനറി എൻക്വയറി ഓഫീസർ തലവനായുള്ള ഒരു ലാ സെക്ഷൻ പ്രവർത്തിക്കുന്നു. കേസ്സുകളുടെ വിധി വരുമ്പോൾ അവ വിശദമായി പരിശോധിച്ച് വിധി നടപ്പാക്കണമോ, അപ്പീൽ പോകണമോ എന്ന നിർദ്ദേശവും പ്രസ്തുത ലാ സെക്ഷനിൽ നിന്നും നൽകുന്നു. ചില അവസരങ്ങളിൽ സീനിയർ അഭിഭാഷകരുടെ നിയമ ഉപദേശവും സേവനവും വൈദ്യുതി ബോർഡ് ഉപയോഗിക്കാറുണ്ട്.

(ബി) കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് നിയോഗിച്ച അഭിഭാഷകരുടെ കാലാവധി ഒരു വർഷമാണ്. അതിനുശേഷം പ്രസ്തുത അഭിഭാഷകരുടെ നിലവാരം വിലയിരുത്തി വീണ്ടും നിയമിക്കാറുണ്ട്. ഏതെങ്കിലും കേസ്സുകൾ നടത്തുന്നതിൽ വീഴ്ച വരുത്തിയാൽ അവരിൽ നിന്നും വിശദീകരണം തേടുകയും ആവശ്യമാണെന്നു തോന്നിയാൽ അവരുടെ സേവനം അവസാനിപ്പിക്കുകയും ചെയ്യാറുണ്ട്. കേസ്സുകൾ കൈകാര്യം ചെയ്യുന്നതിൽ ബോർഡ് ജീവനക്കാർ എന്തെങ്കിലും വീഴ്ച വരുത്തിയാൽ ശിക്ഷണ നടപടിയും എടുക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) പ്രസക്തമല്ല.

പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരണം

18 (*450) ശ്രീ. കെ. അച്ചുതൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. എ. കെ. മണി :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊണ്ടുവോ ;

(സി) എങ്കിൽ പ്രസ്തുത കമ്മീഷൻ ജുഡീഷ്യൽ അധികാരം കൊടുക്കുവാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കാമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിക്കുവാൻ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന കമ്മീഷന് ജുഡീഷ്യൽ അധികാരം കൊടുക്കുവാൻ ഉദ്ദേശിക്കുന്നില്ല.

ആദിവാസി ഭവന നിർമ്മാണത്തിന് ലോകബാങ്ക് സഹായം

19 (*451) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് വീട് നിർമ്മിക്കുന്നതിനുവേണ്ടി ലോകബാങ്കിൽ നിന്ന് സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര തുക നൽകി ;

(സി) എന്തെല്ലാം വ്യവസ്ഥകളിലാണ് ഈ തുക കിട്ടുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly